# പതിനാലാം കേരളനിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2907 — 18.08.2017 - ലെ മറുപടിയ്ക്ക്

## വീടില്ലാത്തവർക്ക് വീട് നിർമ്മിച്ച് നൽകുന്ന പദ്ധതികൾ

ചോദ്യം

ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. പി.ജെ. ജോസഫ്
ശ്രീ. മോൻസ് ജോസഫ്

ഉത്തരം

ശ്രീ. ഇ. ചന്ദ്രശേഖരൻ
(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വീടില്ലാത്തവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് ഏതൊക്കെ പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | അടുത്ത അഞ്ചു വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവന രഹിതർക്കും, ഭൂമിയുള്ള ഭവന രഹിതർക്കും, സ്വന്തമായി തൊഴിൽ ചെയ്തു ഉപജീവനം നിർവഹിക്കുന്നതിനും, സമൂഹത്തിന്റെ നടത്തിപ്പിലും നില നിൽപ്പിലും ഭാഗമാക്കുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള പദ്ധതിയായ ലൈഫ് മിഷൻ പദ്ധതിയാണ് ഇപ്പോൾ നിലവിലുള്ളത്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതികൾ പ്രകാരം എത്ര രൂപ വരെ ധനസഹായം നൽകുന്നു വെന്ന് വളിപ്പെടുത്താമോ ; | (ബി) | ഭൂമിയുള്ള ഭവന രഹിതർക്ക് വ്യക്തിഗത ഭവന നിർമ്മാണത്തിനായി ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും പട്ടികജാതി, മത്സ്യതൊഴിലാളി, തോട്ടം തൊഴിലാളി വിഭാഗങ്ങളിൽപ്പെട്ടവർക്ക് 4 ലക്ഷം രൂപ വീതവും പട്ടികവർഗ്ഗ ത്തിന് ജില്ലാമിഷൻ തീരുമാനിക്കുന്ന യഥാർത്ഥ തുകയും നൽകുവാൻ 06/02/2017 ലെ 328/17/ത.സ്വ.ഭ. പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (സി) | പഴക്കമുള്ള വീടുകൾക്ക് അറ്റകുറ്റപ്പണി കൾ ചെയ്യുന്നതിനുള്ള ധനസഹായ പദ്ധതി നിലവിലുണ്ടോ; വിശദമാ ക്കാമോ ; | (സി) (ഡി) | പലതരം സർക്കാർ സ്കീമുകളിൽ നൽകപ്പെട്ട അപൂർണ്ണവും വാസ യോഗ്യമല്ലാത്തതുമായ വീടുകൾ വാസയോഗ്യമാക്കുന്നത് ലൈഫ് മിഷന്റെ ഭാഗമായി ഏറ്റെടുക്കുന്ന പ്രവർത്തനം ആണ്. വാസയോഗ്യ മല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്ന തിനായി വീടുകളുടെ പുനരുദ്ധാരണ ത്തിന് അഥവാ പൂർണ്ണ നിർമ്മാണ ത്തിനുള്ള സാങ്കേതിക രൂപ കൽപ്പനയും എസ്റ്റിമേറ്റും ടെക്നിക്കൽ ഏജൻസികളുടെ സഹകരണത്തോടെ തയ്യാറാക്കുന്നതാണ്. |
| (ഡി) | ഇല്ലെങ്കിൽ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുമോ ? | | |

Seethal

സെക്ഷൻ ഓഫീസർ